Reg.No. ............................................
Name ..................................................

HSE I | Part II | Time:2½ Hrs.
Feb. 2012 | മലയാളം | Cool of time : 15mts.

Maximum : 80 scores

---

നിർദ്ദേശങ്ങൾ

1. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം
2. നിർദ്ദിഷ്ടസമയത്തിന് പുറമെ 15 മിനുട്ട് ***കൂൾഓഫ്ടൈം*** ഉണ്ടായിരിക്കും.. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ,മറ്റുള്ളവരുമായി ആശയവിനിമയം നടത്താനോപാടില്ല.
3. ഉത്തരം എതുതുന്നതിന്മുമ്പ് ചോദ്യങ്ങൽ ശ്രദ്ധാപൂർവ്വം വായിക്കണം.

---

1. " പിറവിതൊട്ടെൻ കൂട്ടുകാരിയമ-
മധുരിമ തൂകിടും ഗ്രാമലക്ഷ്മി
അകലേക്കകലേക്കകലുകയാം
അവസാനയാത്ര പറയുകയാം " - പുതുലോകത്തിന്റെ വിലപ്പെട്ട നേട്ടങ്ങളിലൊക്കെ അഭിമാനമുണ്ടെങ്കിലും എന്തോ നഷ്ടപ്പെടുന്നു എന്ന ബോധം കവിയെ ആകുലപ്പെടുത്തുന്നു. കുറ്റിപ്പുറം പാലം എന്ന കവിതയെ അടിസ്ഥാനമാക്കി ഈ അഭിപ്രായത്തിന്റെ പൊരുൾ പരിശോധിക്കുക.

( ഒരുപുറം 6 മാർക്ക്)

2 ഉപഭോഗസംസ്കാരം സൃഷ്ടിക്കുന്ന ജീവിതശൂന്യതയാണ് ' മായാമയൻ ' എന്ന കഥയിൽ പ്രകടമാവുന്നത്.
' മായാമയൻ ' എന്ന കഥയെകുറിച്ചുള്ള ചർച്ചയിൽ ഉയർന്നുവന്ന ആശയമണിത് സ്വന്തം പ്രതികരണം തയ്യാറാക്കുക.

(ഒന്നരപുറം 8 മാർക്ക്)

3. വിളക്കു കൈവശമുള്ളവനെങ്ങും വിശ്വംദീപമയം,
വെണ്മ മനസ്സിൽ വിളങ്ങിന ഭദ്രനു മേന്മേലമൃതമയം- പ്രേമസംഗീതം ഉള്ളൂർ മേൽകൊടുത്ത വരികളെ അകക്കോവിലുള്ളൊരു വിളക്കിന്റെ പ്രതിബിംബമായി ദീപത്തെകാണുന്നപി.കുഞ്ഞിരാ മൻനായരുടെ ആശയവുമായി താരതമ്യപ്പെടുത്തുക.

(ഒരു പുറം 6 മാർക്ക്)

4. നമ്മുടെ നാട്ടിൽ ജനാധിപത്യം വന്നെത്തുന്ന കാലം വരെ കീഴ്ജാതിക്കാർ എന്ന്

വിളിക്കപ്പെടുന്നവർക്ക് മറ്റുള്ളവർ ഉപയോഗിക്കുന്ന ഭാഷ ഉപയോഗിക്കുവാൻ അനുവാദമു ണ്ടായിരുന്നില്ല. മേൽജാതിക്കാരോട് ആചാരം പറയണമായിരുന്നു. ആചാരഭാഷയായി ഉപയോഗിക്കപ്പെട്ടിരുന്ന രണ്ട് പദങ്ങൾ എഴുതി അവയുടെ പ്രയോഗസന്ദർഭങ്ങൾ വിവരിക്കുക.

(ഒരുപുറം 4 മാർക്ക് )

5. ഭാവത്തിന്റെ വൈചിത്ര്യങ്ങൾക്കനുസരുച്ച് കാവ്യഭാഷയിൽ മാറ്റം വരുത്തുവാൻ എഴുത്തച്ഛന് കഴിയും പാഠഭാഗമായി ഉൾപ്പെടുത്തിയ സന്ദർഭങ്ങൾ പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

(ഒരു പുറം 6 മാർക്ക്)

6.'ലങ്കാലക്ഷ്മി'യിലെ രാവണൻ നമ്മുടെ പൗരാണിക സങ്കല്പങ്ങളെ മറികടക്കുന്നു. സി.എൻ.ശ്രീകണ്ഠൻ നായർ രാവണനു നല്കിയ പരിവേഷം പരിശോധിക്കുക.

(ഒന്നരപുറം 8മാർക്ക്)

7. ''അപരന്റെ ദാഹത്തിനെന്റേതിനെക്കാളും
മധികമാം കരുതലും കരുണയും കുടിപാർക്കു-
മൊരു വീടെനിക്കുണ്ടതിൻ കൊച്ചുതിണ്ണമേൽ
വെറുതെയിരുന്നുഞാൻ പാടുന്നു - വിഹ്വല-
നിമിഷങ്ങളോ, നിങ്ങളീ വീടൊഴിയുക
നിറവാർന്ന കേവലാഹ്ലാദമേ പോരിക '' പുതിയ കാലത്ത് കവിവചനങ്ങൾ കൂടുതൽ പ്രസക്തമായിതീരുന്നുണ്ട് - തെളിവുകൾ ചൂണ്ടിക്കാട്ടി വിശദമാക്കുക.

(ഒരുപുറം 6 മാർക്ക്)

8. 'പ്ലാസ്റ്റിക്ക്' - എന്ന കഥയിലെ ഇട്ടുണ്ണിനായർ, 'മാമ്പഴക്കാല'ത്തിലെ അച്ഛൻ, 'ശബ്ദിക്കുന്നകലപ്പ'യിലെ ഔസേപ്പ് , ഇവർക്ക് സമാനതകൾ ഏറെയാണ്. സമാനതയുടെ സന്ദർഭങ്ങൾ പരിശോധിക്കുക

(ഒന്നരപുറം 8 മാർക്ക്)

9. അമ്മ എന്ന് വിളിക്കപ്പെടുന്ന ജീവിയെ
നിങ്ങൾ മക്കൾ ഈയിടെ
എപ്പോഴേങ്കിലും സൂക്ഷിച്ചുനോക്കിയോ?
എന്തൊരുമാറ്റം!
മുടിനേർത്തു , നരച്ചു,നടത്തം
പ്രക്ഷുബ്ദമായ കടലിൽ ചാഞ്ഞുംചരിഞ്ഞുനീങ്ങുന്ന
കപ്പലിനെ ഓർമ്മിപ്പിക്കുന്നോ?
അവരുടെ കണങ്കാലുകൾ മെലിഞ്ഞിരിക്കുന്നു
കാൽപത്തികൾ നിലച്ചിരിക്കുന്നു.

ഇത്തിൾ പോലെയിരുന്ന കാൽനഖങ്ങൾ കറുത്തിരിക്കുന്നു.
അവരുടെ  കൺകടത്തിൽ കണ്മഷിപാടുകളില്ല
നെറ്റിയിൽ സിന്ദൂരമില്ല
വസ്ത്രത്തിൽ കഞ്ഞിപ്പശയില്ല.
വറക്കത്ത് കെട്ടവളെന്ന് അപരിചിതർക്ക് തോന്നിപോവും
അവർ സുമയ്യയാവാം കമലയാവാം
അല്ലെങ്കിൽ കൊച്ചുത്രേസ്യ
പ്രസവശേഷം അമ്മയെന്നപേരിൽ മാത്രം
അറിയപ്പെട്ടവളാണല്ലോ അവർ

'കോലാട് ', 'നെയ്പായസം' എന്നീ കഥയും മേൽസൂചിപ്പിച്ച കവതിയും കുടുംബ ജീവിതത്തിലെ സ്ത്രിചിത്രം നല്കുന്നുണ്ട്.  കുടുംബജീവിതത്തിലെ സ്ത്രീകളുടെ അവസ്ഥയെ അവലോകനം ചെയ്യുക.

(ഒന്നരപുറം 8 മാർക്ക്)

10.'ചിത്രകാരന് കല്പനാവൈഭവത്തേക്കാൾ പ്രയോഗസമാർത്ഥ്യമാണ് വേണ്ടത്.' എം.പി.പോൾ നല്കിയ ഈ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഒരു പ്രശസ്ത ചിത്രകാരനോട് നിങ്ങൾ ചോദിക്കാനാഗ്രഹിക്കുന്ന 6 ചോദ്യങ്ങൾ തയ്യാറാക്കുക.

( 6 മാർക്ക്)

11. കീചകവധം കഥകളിക്ക് മുന്നോടിയായി അവതരിപ്പിക്കുന്ന ഒരു ആമുഖ പ്രഭാഷണം തയ്യാറാക്കുക

(ഒരുപുറം 6മാർക്ക്)

12. ഭാവതീവ്രത, ചരിത്രപരമായ അന്വേഷണം , വിവരങ്ങളുടെ വസ്തുനിഷ്ഠമായ അവതരണം, വായനക്കാരിൽ ദൃശ്യാനുഭവം ജനിപ്പിക്കുന്നതിനുള്ള മികവ്, സന്ദർഭത്തിനുയോജിച്ച ഭാഷ എന്നിവ ഒരു യാത്രവിവരണത്തിന്റെ സവിശേഷതകളാവാം.'കയറ്റം വീണ്ടും കയറ്റം' 'ശ്മശാന ഭൂമികൾ', നിങ്ങൾ പരിചയപ്പെട്ട മറ്റേതെങ്കിലും യാത്രാവിവരങ്ങൾ - ഇവയിലെ സന്ദർഭങ്ങൾ അവലോകനം ചെയ്യുക.

(ഒന്നരപുറം 8 മാർക്ക്)

**(തയ്യാറാക്കിയത് താമരശ്ശേരി ക്ലസ്റ്റർ)**